LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

2003 ജൂലായ് 8, ചൊവ്വ

വാല്യം 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2003 ജൂലായ് മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ.....

**സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നവീകരണ പരിപാടികൾ**

1 (*404) ഡോ. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നവീകരണ പരിപാടികളാണ് അംഗീകരിച്ചിട്ടുള്ളത് ;

(ബി) എ. ഡി. ബി. യുടെ ഭരണ നവീകരണ പരിപാടിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; പ്രസ്തുത നവീകരണ പരിപാടിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) നവീകരണ പരിപാടിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) നവീകരണ പരിപാടിയിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ പരിപാടി എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നവീകരണ പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായി സേവന നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വിവിധ മേഖലകളിൽ സർക്കാർ നടപ്പാക്കാൻ തീരുമാനിച്ച നവീകരണ പരിപാടികളുടെ വിശദാംശം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) സർക്കാർ നവീകരണ പരിപാടിക്ക് അന്തിമരൂപം ആയിട്ടില്ല. എം. ജി. പി.-ക്കു വേണ്ടിയിട്ടുള്ള 93 ഉദ്യമങ്ങളുടെ പശ്ചാത്തല രൂപരേഖകൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചർച്ചകൾക്കായി അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുവായ ചർച്ചകളിലൂടെ ഉരുത്തിരിയുന്ന ഭേദഗതികൾ കൂടി പരിഗണിച്ചശേഷം തയ്യാറാക്കുന്ന പ്രവർത്തന പദ്ധതി വിശദമായി പരിശോധിച്ചശേഷമേ സർക്കാർ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ബി) ഭരണ നവീകരണ പരിപാടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടത്തുന്ന ഒരു പരിപാടിയാണ്. പ്രസ്തുത പരിപാടിയുടെ പശ്ചാത്തല രൂപരേഖ പൊതു ചർച്ചകൾക്കായി അച്ചടിച്ച് വിതരണം ചെയ്യുകയും www.keralamgp.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ദരിദ്രർക്കും അധഃസ്ഥിതർക്കും അടിസ്ഥാന സേവന ലഭ്യത ഉറപ്പാക്കുക, സാമ്പത്തിക വളർച്ചക്കും തൊഴിലവസര സൃഷ്ടിക്കും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക, സാമ്പത്തിക സുസ്ഥിരത കൈവരിക്കുക, സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, കാര്യക്ഷമവും ഫലപ്രദവും പ്രാപ്യവുമായ പ്രാദേശിക സ്വയം ഭരണ സർക്കാരുകൾ കെട്ടിപ്പടുക്കുക എന്നിവയാണ് സർക്കാർ നവീകരണ പരിപാടിയിൽ മുൻഗണന നൽകിയിട്ടുള്ള മേഖലകൾ.

(ഡി) സർക്കാരിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക; സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിലൂടെ സർക്കാരിന്റെ പ്രവർത്തനങ്ങളാകെ ജനോപകാരപ്രദമാക്കുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ് സർക്കാർ നവീകരണ പരിപാടി. ഈ പരിപാടിയുടെ കീഴിൽ രൂപകൽപ്പന ചെയ്തിട്ടുള്ള 93 ഉദ്യമങ്ങൾ പൊതുജനാഭിപ്രായ സമാഹരണത്തിനായി www.keralamgp.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(എഫ്) സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : വളരെ നിരുത്തരവാദപരമായിട്ടുള്ള പോയിന്റ് ഓഫ് ഇൻഫർമേഷനാണ്. അങ്ങ് ഇവിടെ വിവരിച്ച പരിപാടികൾക്ക് പണം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടല്ലോ. ആദ്യം ലഭിച്ച 601 കോടി രൂപയുടെ വായ്പ ഗഡുവിൽ നിന്ന് 200 കോടി രൂപ വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി നികത്തുന്നതിനും 300 കോടി രൂപ ടി.പി. അക്കൗണ്ടുകൾ നിർത്തലാക്കുന്നതിനും ചെലവഴിച്ചിട്ടുണ്ടെന്ന് അങ്ങ് നിയമസഭയിൽ കഴിഞ്ഞ ദിവസം പറയുകയുണ്ടായി. ബാക്കി നൂറു കോടി രൂപയോ? ബഡ്ജറ്റ് രേഖകളിൽ എ.ഡി.ബി. യുടെ ഭരണ നവീകരണ പരിപാടിയുടെ ഭാഗമെന്ന് കൃത്യമായി നിർവ്വചിക്കാൻ പറ്റുന്ന ഇനങ്ങൾ എടുക്കുമ്പോൾ 300-ഓളം കോടി രൂപയുടെ ചെലവ് വകയിരുത്തിയിട്ടുണ്ട്. എന്റെ ചോദ്യം രണ്ടാം പ്രാവശ്യത്തെ വായ്പാ ഗഡു കൂടി ഈ വർഷത്തെ ബഡ്ജറ്റിൽ വരുമാനമായി ഉൾപ്പെടുത്തിയിട്ടുണ്ടോ ; എ.ഡി.ബി. വായ്പയിൽ നിന്ന് ഭരണനവീകരണ പരിപാടി നടപ്പാക്കുന്നതിനു വേണ്ടി എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വരുമാനമായി ഉൾപ്പെടുത്തിയിട്ടുള്ളത് ?

ശ്രീ. കെ. ശങ്കരനാരായണൻ : ചോദ്യത്തിൽ നിന്ന് വിട്ട് വളരെ ദൂരം സഞ്ചരിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. മറുപടി പറയാം. ഇടതുപക്ഷ ഗവൺമെന്റ്, ശ്രീ. നായനാരുടെ ഗവൺമെന്റ് എ.ഡി.ബി. വായ്പയ്ക്ക് കൺസെപ്റ്റ് പേപ്പർ ആദ്യം നൽകിയപ്പോൾ അതിൽ ഫിസ്ക്കൽ റിഫോംസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ ഗവൺമെന്റാണ് മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് എന്നുള്ള സാമ്പത്തിക പരിഷ്ക്കരണത്തിന് ഒരു മനുഷ്യ മുഖം കൊടുത്തുകൊണ്ട് എം.ജി.പി.-യിൽ ഉൾപ്പെടുത്തിയത്. ഇത് ഒരു കാരണവശാലും എ.ഡി.ബി-യുടെ പണത്തിൽ നിന്നല്ല മുഴുവൻ ചെലവാക്കുന്നത്. ഇതിൽ ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ട്. ഗവൺമെന്റിന്റെ പണമുണ്ട്. എ.ഡി.ബി. യിൽ നിന്ന് ലോൺ കിട്ടുന്ന പണം ഗവൺമെന്റിന്റെ പരിഷ്ക്കരണത്തിനും സാധുക്കൾക്ക് ആയാലും കെ.എസ്.ഇ.ബി.-ക്ക് ആയാലും ഗവൺമെന്റിന്റെ പ്രവർത്തനത്തിനുവേണ്ടിത്തന്നെയാണ് ചെലവാക്കുന്നത്. അതിന് യാതൊരു സംശയവും ഇല്ല. ബഹുമാനപ്പെട്ട മെമ്പർ രണ്ടു ദിവസം മുൻപ് പറഞ്ഞു, എ.ഡി.ബി. ലോൺ സംസ്ഥാന ഗവൺമെന്റ് വാങ്ങിയപ്പോൾ ചൈനയും വാങ്ങിച്ചിട്ടുണ്ടെന്ന്. പക്ഷേ ചൈന ചരട് ഇല്ലാതെയാണ് വാങ്ങിച്ചത്. ഇൻഡ്യാ ഗവൺമെന്റ് വാങ്ങിച്ചതിന് ചരടുണ്ട്. ഈ വക കാര്യങ്ങളെക്കുറിച്ച് തർക്കിച്ചിട്ട് കാര്യമില്ല. .....(ബഹളം)..... ഞാൻ അങ്ങോട്ട് പറയാം, മുഴുവൻ പറയാം, ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് രണ്ടു ദിവസം മുൻപ് ടി.വി.-ക്ക് കൊടുത്ത ഇന്റർവ്യൂവിൽ പറഞ്ഞതാണ്.

മി. സ്പീക്കർ : അത് ഇവിടെ പറയണ്ടല്ലോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അടുത്ത ചോദ്യം വരാൻ പോകുന്നത് അതാണ്. അതിനു മുമ്പ് പറഞ്ഞു എന്നേയുള്ളൂ. എ.ഡി.ബി. യിൽ നിന്ന് വാങ്ങുന്ന പണം ഗവൺമെന്റിന് ഉപകാരപ്രദമായ രീതിയിലേ ചെലവാക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരം എന്റെ ചോദ്യത്തിൽ നിന്ന് വളരെ അകലെയാണ്. എന്റെ ചോദ്യം ഭരണ നവീകരണ കരാറിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്നുള്ളതാണ്? ഏതായാലും അങ്ങ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള വെബ്സൈറ്റിൽ നിന്ന് ഈ പരിപാടിയുടെ മുഴുവൻ വിശദാംശങ്ങൾ വായിച്ചു..... കണക്ക് വിട്, ഒരു ലളിതമായ ചോദ്യം അങ്ങയുടെ അഭിപ്രായം അറിയാനാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുന്ന 84 കോടി രൂപ ഒഴികെ കേരളത്തിലെ ഉൽപ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും ഒരു പൈസ ഒരിനം പരിപാടി അംഗീകരിച്ച 98 എണ്ണത്തിൽ ഉണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : 98-ൽ ഒന്നും ഇല്ല. 93 കാര്യങ്ങളിൽ ഈ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രത്യേകിച്ച് കയർ, കശുവണ്ടി, കൈത്തറി എന്നിവയ്ക്കുവേണ്ടി പ്രത്യേകമായി നീക്കി വച്ചിട്ടുള്ള തുകയിൽ ഇതിൽ നിന്നുള്ള തുക ഉൾപ്പെടുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള 93 ഉദ്യമങ്ങളിൽ മനുഷ്യ മുഖം നൽകുന്ന പരിപാടിയുടെ ഭാഗമായി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 28 പൊതുമേഖലാ സ്ഥാപനങ്ങളാണ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. വി.ആർ.എസ്., ഗോൾഡൻ ഷെയ്ക്ക്ഹാൻഡ്, ഫയർ & ഫയർ എന്നീ നയങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി, മനുഷ്യ മുഖം കൊടുക്കാനും പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനുംവേണ്ടി, മുപ്പത്തിമൂവായിരം തൊഴിലാളികളെ പിരിച്ചു വിടാൻ, എത്ര പണമാണ് നീക്കി വച്ചിരിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : മുപ്പത്തി മൂവായിരം തൊഴിലാളികളെ പിരിച്ചു വിടാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞങ്ങൾക്ക് ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള പുസ്തകത്തിനകത്ത് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിക്കുമെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ മുപ്പത്തി മൂവായിരം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും. ഞങ്ങൾക്ക് തന്നിട്ടുള്ള 93 ഉദ്യമങ്ങളുടെ രേഖ പരിശോധിച്ചാൽ ഈ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹിക സുരക്ഷിതത്വ പരിപാടികൾ ഇതു സംബന്ധിച്ച് പുനരവലോകനം ചെയ്യുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൽ വ്യക്തമായി പറയുന്നു കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കൈത്തറി, കയർ, കശുവണ്ടി, ബീഡി, ആർട്ടിസാൻസ്, കള്ള് ചെത്ത്, ബാംബു തുടങ്ങിയവയെല്ലാം പുനരവലോകനം ചെയ്യുമെന്ന്. അതിന്റെ മെത്തഡോളജിയിൽ പറയുന്നത് Study existing social security measures in Kerala and other States in India. മറ്റൊരു സ്റ്റേറ്റിലും ഇത് ഇല്ലായെന്നിരിക്കെ ഇതു സംബന്ധിച്ച് മറ്റു സ്റ്റേറ്റിൽ പോയി പഠനം നടത്തുമെന്ന് പറയുന്നത് ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ നിർത്തലാക്കുക എന്നുള്ള ഗവൺമെന്റിന്റെ പദ്ധതി നടപ്പിലാക്കാനല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ഇതാണ് ഞാൻ ആദ്യം പറഞ്ഞത്. This is only suggestions. ഈ സജഷൻസാണ് വെബ്സൈറ്റിൽ ഇട്ടിട്ടുള്ളത്. അത് ജനങ്ങൾക്കും രാഷ്ട്രീയ പാർട്ടികൾക്കും അഭിപ്രായം പറയാനുമാണ്. അഭിപ്രായം വന്നു കഴിഞ്ഞാൽ മാത്രമേ ഗവൺമെന്റ് ഇതിന് അവസാന രൂപവും ഭാവവും നൽകുകയുള്ളൂ എന്ന് (എ) ചോദ്യത്തിൽ തന്നെ ഞാൻ വളരെ വ്യക്തമായി പറഞ്ഞു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : എ.ഡി.ബി.-യുമായി ബന്ധപ്പെട്ട് കരാർ ഉണ്ടാക്കിയതിനെ തുടർന്നാണല്ലോ മോഡണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം വരുന്നത്. അതുകൊണ്ടു തന്നെ പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിലും അത് സ്വാംശീകരിക്കുന്നതിലും എന്തെങ്കിലും പിന്നീട് മാറ്റം വരുത്തുന്നതിന് യാതൊരു സാധ്യതയും ഇതിൽ ഉണ്ടാകാൻ പോകുന്നില്ല. എന്റെ ചോദ്യം ഈ പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ മനുഷ്യത്വപരമായി മുഖം സൂക്ഷിക്കുമെന്നു പറഞ്ഞു. പക്ഷേ പല നിർദ്ദേശങ്ങളും മനുഷ്യത്വരഹിതമായ നിലയിൽ പോകുന്നതിന്റെ ഭാഗമായിട്ടാണ് യൂസർ ഫീ, യൂസർ ചാർജ് എന്നിവ ഏർപ്പെടുത്തുന്നത്. ആരോഗ്യ മേഖലയിലും, വിദ്യാഭ്യാസ മേഖലയിലും ഏർപ്പെടുത്തുന്ന യൂസർ ഫീയുടെ ഭാഗമായിട്ട് എത്ര കോടി രൂപയാണ് സർക്കാരിന് അധിക വരുമാനം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : യൂസർ ഫീ പിരിക്കേണ്ട കാര്യം ഇതിൽ പറഞ്ഞിട്ടില്ല. അങ്ങനെ പിരിക്കാനും തീരുമാനിച്ചിട്ടില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സേവന നികുതി ഇതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങളിൽ നിന്ന് ഗവൺമെന്റ് പുറകോട്ടു പോവുകയും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ഉൾപ്പെടെ വീട്ടുകരം പിരിക്കുന്നതുപോലെ ആരോഗ്യത്തിന് കരം പിരിക്കുന്ന സംവിധാനം കൊണ്ടുവരുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നിട്ട് ഇല്ല എന്ന് പറയുന്നത് എന്തുകൊണ്ടാണ് ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇതാണ് ഞാൻ ആദ്യം പറഞ്ഞത്. ഇത് സജഷൻസാണ്. ഇത് ആലോചനയ്ക്ക് വിധേയമാക്കിക്കൊണ്ട് മാത്രമേ അവസാന തീരുമാനമെടുക്കുകയുള്ളൂ. അതുകൊണ്ടുതന്നെയാണ് പറഞ്ഞത് യൂസേഴ്സ് ഫീ പിരിക്കേണ്ട കാര്യം ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടില്ലെന്ന്.

ശ്രീ. എ. കെ. ബാലൻ : ഭരണ നവീകരണവുമായി ബന്ധപ്പെട്ട് 93 ഉദ്യമങ്ങളുടെ പശ്ചാത്തലരേഖ ചർച്ച ചെയ്യുന്ന ഈ അവസരത്തിൽ നെതർലാന്റ് ഗവൺമെന്റും എ.ഡി.ബി.യും ധനസഹായം നൽകുന്ന Modernisation in Government Programme (M.G. P.) കേരളത്തിൽ നടപ്പിലാക്കുന്നതിന് Procurement Service Providers ലഭിക്കുന്നതിനുവേണ്ടി എ.ഡി.ബി. ആഗോള തലത്തിൽ ഒരു ടെന്റർ ഇപ്പോൾ ക്ഷണിച്ചിട്ടുണ്ടോ ; ക്ഷണിച്ചിട്ടുണ്ടെങ്കിൽ കേരള ഗവൺമെന്റിന്റെ അനുമതിയോടുകൂടിയാണോ ? എന്ന കാര്യം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : എനിക്ക് അത് മനസ്സിലായില്ല.

ശ്രീ. എ. കെ. ബാലൻ : ഭരണനവീകരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പൊതു ചർച്ച, പ്രത്യേകിച്ച് 93 ഉദ്യമങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട്, ഇപ്പോൾ കേരളത്തിൽ നടത്തുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ച സാഹചര്യത്തിൽ ഈ ഉദ്യമങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് 15 കോടി രൂപയുടെ അതായത് 3 മില്ല്യൻ യൂറോ എ.ഡി.ബി. ടെന്റർ ക്ഷാട്ടുചെയ്തു കഴിഞ്ഞു. ഫെബ്രുവരി 7-ാം തീയതി അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇന്റർനെറ്റിൽ അത് ലഭ്യമാണ്. Loan No. 1974 Modernisation in Government and Fiscal Reforms in Kerala - Tender-Pre-qualification Notice, Region - Country - State, Asia - India - Kerala.

Sub : Procurement service provided for modernising Government Programme

മി. സ്പീക്കർ : ചോദ്യത്തിൽ അതൊന്നുമില്ല.

ശ്രീ. എ. കെ. ബാലൻ : ഇത് മനസ്സിലാക്കാൻ വേണ്ടിയാണ് പറയുന്നത്. ഇങ്ങനെ ഒരു ടെന്റർ എ.ഡി.ബി. വിളിച്ചത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വസ്തുതയുടെ യഥാർത്ഥരൂപം ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അതാണ് ഞാൻ നേരത്തെ പറഞ്ഞത്, ഈവക കാര്യങ്ങൾ ഗവൺമെന്റിന്റെ ആലോചനയിലാണ്. എ.ഡി.ബി. എന്ന് പറയുമ്പോൾ വിറളിയെടുത്തിട്ട് കാര്യമില്ല. അത് നമുക്ക് അംഗീകരിക്കപ്പെടേണ്ടതാണ്. ഗവൺമെന്റ് എ.ഡി.ബി. ലോൺ വാങ്ങാൻ വേണ്ടി തീരുമാനിച്ചതാണ്. ഇത് ഈ ചോദ്യത്തിന്റെ ഉത്തരമായതുകൊണ്ട് ഞാൻ പാർശ്വഭാഗങ്ങളിലേക്ക് കടക്കുന്നില്ല ; കടക്കണ്ട എന്നു വിചാരിച്ചതാണ്. ഗവൺമെന്റ് ഇതിനെക്കുറിച്ച് ആലോചിച്ച് പരിഗണിക്കും.

ശ്രീ. എ. കെ. ബാലൻ : എ.ഡി.ബി. -യിൽ നിന്ന് കാശ് വാങ്ങുന്നതിനെപ്പറ്റിയല്ല എന്റെ ചോദ്യം. അത് ഇവിടെ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു വിദേശ ഏജൻസിക്ക് കൊടുത്തിട്ടുണ്ടോ എന്നുള്ളതായിരുന്നു. എന്റെ രണ്ടാമത്തെ ചോദ്യം ഇതിന്റെ ഭാഗമായി നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ സാമൂഹ്യ സുരക്ഷിതത്വപദ്ധതികളും പെൻഷൻ പദ്ധതികളും ഇല്ലാതാകുന്ന ഒരു നടപടി ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ കരിനിയമങ്ങൾ രൂപം കൊള്ളുന്നത്. ഈ സഭയിൽത്തന്നെ ചുമട്ടുതൊഴിലാളി ഭേദഗതി നിയമം കൊണ്ടുവന്നു. ഇനി The Kerala Industrial Employment (Prohibition of Obstructive Practice) Bill വരാൻ പോകുന്നു അതോടുകൂടി കേരളം തൊഴിലാളികളുടെ ശവപ്പറമ്പാകാൻ പോവുകയാണ് . ഈ രൂപത്തിലുള്ള ഒരു കരിനിയമത്തിന് കേരള ഗവൺമെന്റ് രൂപം കൊടുക്കാൻ നിർബന്ധിക്കപ്പെട്ടത് ലാ റീഫോംസ് കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ്. ലാ റീഫോംസ് കമ്മിറ്റി ശുപാർശ നൽകിയത് എ.ഡി.ബി.-യുടെ നിർദ്ദേശപ്രകാരമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ഇത് എ.ഡി.ബി.യുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കേണ്ടത് സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കും. Nothing to do with A.D.B.

ശ്രീ. പി. പി. ജോർജ് : ഗവൺമെന്റ് പ്രവർത്തനങ്ങളുടെ കാര്യക്ഷമതയുടെ ഭാഗമായി വലിയ പരിപാടികൾ നടപ്പാക്കുന്നതോടൊപ്പംതന്നെ താരതമ്യേന അപ്രധാനമാണെന്ന് തോന്നാവുന്നതാണെങ്കിലും സുപ്രധാനങ്ങളായിട്ടുള്ള സർട്ടിഫിക്കറ്റ് നൽകൽ, കുടിശിക നൽകൽ, പേമെന്റ് സ് കൊടുക്കൽ തുടങ്ങിയ കാര്യങ്ങൾ നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ പ്രത്യേകമായി അതിന് വല്ല പരിപാടിയും ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് പറയാമോ ?

മി. സ്പീക്കർ : പലരും വന്ന് പറയാറുണ്ട് നാലഞ്ച് ചോദ്യമെങ്കിലും എടുക്കണമെന്ന്. ഇപ്പോൾ ലിസ്റ്റിലുള്ള 4 പേരുടെ ചോദ്യം കഴിഞ്ഞപ്പോൾ 15 മിനിറ്റു കഴിഞ്ഞു. പിന്നെ എങ്ങനെയാണ് നാലഞ്ച് ചോദ്യം എടുക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളും ഈ മോഡേണൈസേഷൻ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് കളക്ടറേറ്റുകളിൽ, താലൂക്കാഫീസുകളിൽ, വില്ലേജാഫീസുകളിൽ ഈ വിധത്തിലുള്ള പരിപാടികൾ നടപ്പിലാക്കിയ കാര്യവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ശ്രീ. എ. കെ. ബാലന്റെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ പറഞ്ഞ ഒരു കാര്യവുമായി ബന്ധപ്പെട്ടാണ് ഞാൻ ചോദിക്കുന്നത്. കഴിഞ്ഞമാസം രണ്ടാം തീയതി ഈ സഭയിൽ ഭരണനവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഞാൻ അവതരിപ്പിച്ച സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ എഴുതി വായിച്ചത്, ഈ പറഞ്ഞ ടെന്ററിന്റെ കാര്യം ഗവൺമെന്റിന്റെ അറിവോടുകൂടിയാണെന്നാണ്. ഇത് ഡച്ച് എംബസിയിലേയ്ക്ക് എന്നാണ് പറഞ്ഞത്. മുഴുവൻ ഡീറ്റൈൽസും പുറത്തുവന്നുകഴിഞ്ഞു മുഖ്യമന്ത്രി അംഗീകരിച്ചു, മാത്രമല്ല 25 കോടിരൂപ ഡച്ച് ഗവൺമെന്റ് പ്രത്യേകമായി കേരള ഗവൺമെന്റിന് തിരിച്ചടയ്ക്കേണ്ടതില്ലാത്ത ഗ്രാന്റായി നൽകുന്നുവെന്നുകൂടി മുഖ്യമന്ത്രി ഈ സഭയിൽ സബ്മിഷന് മറുപടിയായി പ്രസ്താവിച്ചശേഷം ഗവൺമെന്റ് ഇത് ആലോചിക്കുന്നതേയുള്ളു എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു സ്പെസിഫിക്കായ ചോദ്യത്തിന് മറുപടിയായി സഭയിൽ പറഞ്ഞത് സഭയെ തെറ്റിദ്ധരിപ്പിക്കലാണ്.

മി. സ്പീക്കർ : സഭയെ തെറ്റിദ്ധരിപ്പിച്ചതാണെങ്കിൽ അതിന് വേറെ നടപടിക്രമമുണ്ട്. ചോദ്യമുണ്ടോ ? No.....No.... You can ask a question. Don't waste the precious time of the House.....Don't waste the time.

ശ്രീ. കെ. പി. രാജേന്ദ്രൻ : സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല.

മി. സ്പീക്കർ : അതിന് വേറെ നടപടിക്രമമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട രാജേന്ദ്രൻ ശബ്ദമുയർത്തി ചോദിച്ചതുകൊണ്ട് മറുപടിയിൽ വ്യത്യാസം വരികയില്ല. ഇത് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസാണ്. എ.ഡി.ബി. ലോൺ എന്നു പറയുന്നതും ഡച്ച് ലോൺ എന്നു പറയുന്നതും എല്ലാ എക്സ്റ്റേണൽ ലോണുകളും സെൻട്രൽ അസിസ്റ്റൻസാണ്. എ.സി.എ.യാണ്. അതിൽ 70 ശതമാനം ലോണും 30 ശതമാനം ഗ്രാന്റുമാണ്. അങ്ങനെ ഒരു ഗവൺമെന്റിൽ നിന്ന് ഇന്ത്യാ ഗവൺമെന്റിന് പണം കിട്ടുകയാണെങ്കിൽ അതിൽ 30 ശതമാനം ഗ്രാന്റുണ്ടെങ്കിൽ അത് സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കും, അതിൽ തെറ്റൊന്നുമില്ല. അത് ചെയ്യും.

ശ്രീ. സി. പി. മുഹമ്മദ് : യു.എൻ.ഡി.പി.യുടെ മാർഗ്ഗനിർദ്ദേശങ്ങളും ഭരണ പരിഷ്കാര കമ്മിറ്റിയുടെ 14 റിപ്പോർട്ടുകളും ആധാരമാക്കി ഗവൺമെന്റ് പ്രഖ്യാപിച്ച എം.ജി.പി. പരിപാടി ഒരു പക്ഷെ കേരളത്തിൽ ഇതുവരെ നടന്നിട്ടുള്ള ഏറ്റവും ഫലപ്രദമായ പരിപാടിയാണ്. സുതാര്യത, നിയമ പരിഷ്ക്കാരം, സെക്രട്ടേറിയറ്റ് പുനഃസംഘടന, സിവിൽ സർവ്വീസിന്റെ രൂപവൽക്കരണം, ഇ.ആർ.സി.അടക്കമുള്ള ഈ പദ്ധതി കാലവിളംബം ഒഴിവാക്കാനും സുതാര്യത വർദ്ധിപ്പിക്കാനും കൂടി ഉപകരിക്കുന്നതാണ്. പക്ഷെ, കേരളത്തിൽ നടപ്പിലാക്കുന്ന ഏത് പരിഷ്ക്കാരത്തിനും അനാവശ്യമായ എതിർപ്പാണ്. എം.ജി.പി. പരിപാടി എന്ന് ഈ ഗവൺമെന്റ് പൂർത്തിയാക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകാൻ തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : എം.ജി.പി. പരിപാടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ വേണ്ടിതന്നെയാണ്. ഇതിനെ സംബന്ധിച്ച് ബഹുജനങ്ങൾക്ക് പ്രത്യേകിച്ച് നിയമസഭാസാമാജികർക്ക് വേണമെങ്കിൽ ഒരു ക്ളാസ് നടത്തേണ്ട കാര്യത്തെക്കുറിച്ച് സ്പീക്കറുമായി ആലോചിക്കാം. സ്പീക്കർ അതിന് അനുമതി നൽകുകയാണെങ്കിൽ തീർച്ചയായും ഗവൺമെന്റ് അത് നടപ്പിലാക്കാൻ തയ്യാറാണ്.

ശ്രീ. മത്തായി ചാക്കോ : മോഡണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം എന്ന ഹെഡ്ഡിംഗിൽ കേരള ഗവൺമെന്റ് ഒരു ജി.ഒ. പുറപ്പെടുവിച്ചിട്ടില്ലേ ? അത് നിലവിലിരിക്കെയാണ് മന്ത്രി പറഞ്ഞത് ഇത് പൊതുജനാഭിപ്രായത്തിനുവേണ്ടി വെബ്സൈറ്റിൽ ഇട്ടിട്ടേയുള്ളൂ, തീരുമാനമായിട്ടില്ലെന്ന്. യഥാർത്ഥത്തിൽ ഒരു ജി.ഒ. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പുറപ്പെടുവിച്ചു. അതിന്റെ ഉള്ളടക്കം പരിശോധിച്ചാൽ എ.ഡി.ബി. ഉൾപ്പെടെയുള്ള എല്ലാ സാർവ്വദേശീയ ഏജൻസികളുടേയും വികസന നിലപാടുകളുടെയും അനുഭവം കാണിക്കുന്നത് ഇതുമായി ബന്ധപ്പെട്ടു വരുന്ന jobless growth ആണ്. തൊഴിൽ രഹിതമായിട്ടുള്ള വളർച്ചയാണ് ലോകത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ തൊഴിൽ കൊടുക്കുമെന്നാണ് പറഞ്ഞത്. നിങ്ങൾ കൊണ്ടുവരുന്ന പദ്ധതികളുടെ ഉള്ളടക്കമെന്നു പറയുന്നത് തൊഴിൽ രഹിത വളർച്ച അനുഭവപ്പെടുന്ന സാഹചര്യത്തിൽപ്പോലും തൊഴിലുള്ള ആളുകളെ പിരിച്ചുവിടുന്ന ഒരു നിലപാടിലേയ്ക്കാണ് എത്തുന്നത്, ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. നാരായണൻ : ഇത് ശരിയല്ല.

ശ്രീ. കെ. ബാബു : സർ, ജനകീയാസൂത്രണ നടത്തിപ്പിൽ സി.ഐ.എ.-യുടെ പങ്ക് ഉൾപ്പെടെ ആക്ഷേപങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എം.ജി.പി. നടപ്പാക്കുമ്പോൾ ഇതുപോലുള്ള ആക്ഷേപങ്ങൾ ഇല്ലാതിരിക്കുവാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഉറപ്പുതരാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : എം.ജി.പി.-യെ സംബന്ധിച്ചിടത്തോളം നേരത്തെ പറഞ്ഞതുമായിട്ട് പുലബന്ധംപോലുമില്ല. അത് വേറെയാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, ഭരണപരിഷ്ക്കാരവുമായി ബന്ധപ്പെട്ട നവീകരണ പരിപാടി ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ് എന്നാണല്ലോ പറഞ്ഞത്. ഏകദേശം 601 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ് എം.ജി.പി.യിൽ ഉള്ളത്. ഇത്രയും വലിയ സാമ്പത്തിക കമ്മിറ്റ്മെന്റുള്ള ബൃഹത്തായ ഈ പരിപാടി പണം കടംവാങ്ങി നടത്തുമ്പോൾ കേരളത്തിൽ 1957-ൽ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഭരണപരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ടും വെള്ളോടി കമ്മീഷൻ റിപ്പോർട്ടും ഏറ്റവും ഒടുവിൽ വന്നിട്ടുള്ള ഭരണപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടും ഇതുകൂടാതെ നിരവധി പ്രഗൽഭന്മാരായ ഐ.എ.എസ് ഓഫീസർമാരെ വച്ചുകൊണ്ട് ഭരണ പരിഷ്ക്കാരത്തിൽ വന്നിട്ടുള്ള റിപ്പോർട്ടുകളുമൊക്കെ ഉള്ളപ്പോൾ ഫോറിൻ കൺസൾട്ടൻസിക്കും മറ്റു കാര്യങ്ങൾക്കും പണം ധാരാളം ചെലവാക്കി ഒരു ഭരണപരിഷ്ക്കാരം കൊണ്ടുവരേണ്ട ആവശ്യം ഉണ്ടോ ; ഗവൺമെന്റിന്റെ കൈയിലുള്ള പഴയ ഭരണപരിഷ്ക്കാരം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ശരിയായ രൂപത്തിൽ കാര്യക്ഷമതയുള്ള സിവിൽ സർവ്വീസിനെപ്പറ്റി ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : എം.ജി.പി.-യുടെ കാര്യം ഒറ്റ വാചകത്തിൽ വായിക്കാം. The Modernising Government Programme is conceived of as a Comprehensive Reform Programme for overhauling Government towards enhancing efficiency and effectiveness. ഇതാണ് എം.ജി.പി.യെ സംബന്ധിച്ചുള്ളത്. That is the cream അതു നടപ്പാക്കുമ്പോൾ ഏതെല്ലാം ഇനിഷ്യേറ്റീവ് വേണമെന്നുള്ളത് ആലോചിച്ചു. അതാണ് 93 ഇനിഷ്യേറ്റീവ് എന്നുപറഞ്ഞത്. ബഹുമാനപ്പെട്ട ടി.കെ. ബാലൻ രണ്ടു കമ്മിറ്റിയുടെ റിപ്പോർട്ടുകളെക്കുറിച്ച് പറഞ്ഞു. അത് ഇതിൽ ബന്ധപ്പെടുത്താൻ പറ്റുന്നതാണെങ്കിൽ അതും ഉൾപ്പെടുത്താം.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നത് ജനങ്ങൾക്ക് അറിയാമെങ്കിലും ജനങ്ങൾക്കിടയിലുള്ള ആക്ഷേപങ്ങൾ സമയബന്ധിതമായും അടിയന്തിരമായും തീർക്കാൻ നടപടി സ്വീകരിക്കണം. ആ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : അതാണ് പറഞ്ഞത്, എം.ജി.പി.-യുമായി ബന്ധപ്പെടുത്തി ഗവൺമെന്റ് ഒരു പോളിസി ഉണ്ടാക്കിയിട്ടുണ്ട്. റേഷൻ കാർഡിനും മറ്റ് കാര്യങ്ങൾക്കുമൊക്കെ വില്ലേജോഫീസിൽ പോകുമ്പോൾ വേഗത്തിൽ ജനങ്ങൾക്ക് അവ കിട്ടാനുള്ള സൗകര്യംകൂടി ഈ മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി എല്ലാ ചോദ്യങ്ങൾക്കും വളരെ തന്ത്രപൂർവ്വം മറുപടി പറഞ്ഞത് സർക്കാർ ഇതു സംബന്ധിച്ച് ഒരു തീരുമാനവും എടുത്തില്ല എന്നാണ്. ഇതു സംബന്ധിച്ച് ഏതെങ്കിലും പരിപാടിയിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഞാൻ ആദ്യം പറഞ്ഞു, 93 ഇനിഷ്യേറ്റീവ്സിനെ കുറിച്ചുള്ള എല്ലാ റിപ്പോർട്ടുകളും എന്റെ മുമ്പിലുണ്ട്. ഇതാണ് വെബ്സൈറ്റിൽ ഇട്ടിരിക്കുന്നത്. ഇതു മുഴുവനും ഒന്നിച്ചു പറയുവാൻ സമയം ഇല്ലാത്തതുകൊണ്ടാണ് ഞാൻ ആദ്യംതന്നെ ഇതിന്റെ എല്ലാ ഭാഗങ്ങളും 93 ഇനിഷ്യേറ്റീവ്സും അലോട്ടുചെയ്തിട്ട് വെബ് സൈറ്റിൽ ഇട്ടിട്ടുണ്ടെന്ന് പറഞ്ഞത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഭരണ നവീകരണത്തെപ്പറ്റി വളരെ സമഗ്രമായി പറഞ്ഞു. കേരളത്തിലും ഇൻഡ്യയിലും മാത്രമല്ല പുറത്തുള്ളതുമൊക്കെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു, ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഫലപ്രദമായി ഗുണപ്പെടുത്താൻ സഹായിക്കുന്നതാണ് എന്നൊക്കെ പറഞ്ഞു. ഇതുവരെയുള്ളതിനെക്കാൾ ജനങ്ങൾക്ക് പ്രയോജനപ്രദമായ കൂടുതൽ ഭേദപ്പെട്ട ഒരു നിർദ്ദേശമാണല്ലോ കൊണ്ടുവരുന്നത്. അതു സംബന്ധിച്ച ഈ സംസ്ഥാനത്തെ കക്ഷി നേതാക്കളുമായി ഒരു ചർച്ച നടത്തുമെന്ന് കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നു. ആ കാര്യം മറന്നുപോയോ; അതോ സാധാരണ വാഗ്ദാനങ്ങളുടെ സ്ഥിതിയാണോ അതിലുള്ളത്; അതിനെക്കുറിച്ച് എന്താണ് ധനകാര്യ വകുപ്പുമന്ത്രിക്ക് പറയാനുള്ളത് ?

ശ്രീ. കെ. ശങ്കരനാരായണൻ : ഓർമ്മിപ്പിച്ചതിന് വളരെ നന്ദി. പേപ്പർ ഇപ്പോഴാണ് ആയത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് തീർത്തും അംഗീകരിക്കാവുന്നതാണ് ; മുഖ്യമന്ത്രി വന്നശേഷം ആലോചിച്ച് അതിനുവേണ്ട പരിഹാരമാർഗ്ഗം കാണാം.

ശ്രീ. പി. ടി. തോമസ് : സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി ഉണ്ടാക്കിയ Aide Memoire-ൽ ധനകാര്യം, വ്യവസായം, പൊതുമേഖല, റോഡ് വികേന്ദ്രീകരണാസൂത്രണം, വൈദ്യുതി മേഖല, ഭരണ നവീകരണം തുടങ്ങിയ ഒമ്പത് പ്രധാനപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയും തൊഴിലാളികളെ പിരിച്ചുവിടുന്നതിന് വി.ആർ.എസ്. അടക്കമുള്ള നിബന്ധനകൾ വയ്ക്കുകയും വൈദ്യുതി മേഖല ലാഭകരമാക്കാനുള്ള തീരുമാനം എടുക്കുന്നതുൾപ്പെടെ നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച

ചെയ്യുകയുണ്ടായി. ഇന്ന് അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ മാരാരിക്കുളം മെമ്പർ ഡോ. തോമസ് ഐസക് അടക്കമുള്ളവർ വിദേശ ഏജൻസികളുടെ കടന്നുവരവിനെ സംബന്ധിച്ച് ആശങ്കപ്പെടുമ്പോൾ അത്ഭുതം തോന്നുകയാണ്. ഞാനും ആശങ്കപ്പെട്ടു പോവുകയാണ്. അങ്ങനെ ഇവർ നടപ്പാക്കിയ മനുഷ്യത്വമില്ലാത്ത പദ്ധതികൾക്ക് മാനുഷിക മുഖം നൽകുകയാണ് എം.ജി.പി.യിലൂടെ ഈ ഗവൺമെന്റ് ചെയ്തതെന്നിരിക്കെ, ഈ പദ്ധതി സമഗ്രമായി നടപ്പാക്കാൻ കൂടുതൽ പബ്ളിസിറ്റിയും സുതാര്യതയും കൊടുക്കുവാൻ തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : തീർച്ചയായും തയ്യാറാകും.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, നമ്മുടെ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് എം.ജി.പി. എ.ഡി.ബി.യുടെ സഹായത്തോടെ നടപ്പിലാക്കുവാൻ പോകുന്നതെന്ന് പറയുകയുണ്ടായി. ജനകീയാസൂത്രണ പദ്ധതികൾ ഉൾപ്പെടെ പല പദ്ധതികൾക്കും വിദേശചാര സംഘടനയായ സി.ഐ.എ. ഉൾപ്പെടെയുള്ളവരുടെ സഹായവും നിർദ്ദേശവും ഉണ്ടായി എന്ന് ഈ അടുത്ത കാലത്തായി ഏറെ ചർച്ചചെയ്യപ്പെടുകയും മാധ്യമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ജനങ്ങൾക്ക് ആശങ്ക ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഞാനും പത്രത്തിൽ വായിച്ചിട്ടേയുള്ളൂ.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, നവീകരണ പരിപാടിയുടെ ഭാഗമായി ഗവൺമെന്റ് വലിയ തുകയാണ് ഇപ്പോൾ മാറ്റിവച്ചിരിക്കുന്നത്. കഴിഞ്ഞ എൻ.ജി.ഒ.-അദ്ധ്യാപകരുടെ സമരത്തിന്റെ ഭാഗമായി അവരുടെ ശമ്പളത്തിൽനിന്നും പിടിച്ച തുകയുടെ ഒരു ഭാഗം തിരിച്ചുകൊടുക്കുകയുണ്ടായി. ഭാവിയിൽ അത്തരം സമരങ്ങൾ ഉണ്ടാകാതിരിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗവൺമെന്റ് 7800 രൂപ അടിസ്ഥാന ശമ്പളമുള്ള ഉന്നത ഉദ്യോഗസ്ഥന്മാരിൽ 25 ശതമാനം പ്രത്യേകമായി തെരഞ്ഞെടുത്ത് ഒരു സിവിൽ സർവ്വീസ് സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇതിന് ഇപ്പോൾ മറുപടി പറയുവാൻ പ്രയാസമാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, എം.ജി.പി.-യിലെ പ്രധാനപ്പെട്ട ഉദ്ദേശ്യം സർക്കാർ സർവ്വീസ് കാര്യക്ഷമമാക്കണം എന്നതാണ്. സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളിൽ ഫയലുകളുടെ യാത്ര എന്നത് വളരെ നീണ്ടതാണ്. എൽ.ഡി. ക്ലാർക്ക് മുതൽ പ്രിൻസിപ്പൽ സെക്രട്ടറി വരെ പന്ത്രണ്ടോളം തട്ടുകളിലൂടെയാണ് പല വകുപ്പുകളിലും ഫയലുകൾ പോകുന്നത്. എം.ജി.പി.നടപ്പാക്കുമ്പോൾ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി വിവിധ തട്ടുകളുടെ എണ്ണം കുറയ്ക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസുവരെയുള്ള പ്രവർത്തനത്തിന് പുതിയ സമീപനം ഉൾക്കൊണ്ടുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായ നടപടികൾ നടപ്പിലാക്കേണ്ട ഫോർമുലയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട്. വളരെ നന്ദിയുണ്ട്. എ.ഡി.ബി. എന്ന് ആരെങ്കിലും സംസാരിച്ചാൽ ആ നിമിഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തുടങ്ങി യു.ഡി.എഫ്. ഗവൺമെന്റ് തുടരുന്നു എന്ന് പറയും. എം.ജി.പി., യു.ഡി.എഫ്. ഗവൺമെന്റാണ് ആരംഭിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അല്ല എന്ന് ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആദ്യമായി പറഞ്ഞതിന് പ്രത്യേകം നന്ദി. വെബ് സൈറ്റിൽ കൊടുത്തിട്ട് കാര്യമില്ല. ഇതിന്റെ കോപ്പി ഞങ്ങൾക്ക് തരണം. പഠിക്കുവാനുള്ള അവസരമെങ്കിലും ഞങ്ങൾക്ക് വേണ്ടേ ? ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ 10 ഉദ്യോഗസ്ഥന്മാരെ വയ്ക്കുകയും അതിന് നേതൃത്വം കൊടുക്കുന്നതിന് ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ മൂന്നുവർഷത്തേക്ക് ആ സ്ഥാനത്തുനിന്ന് മാറ്റാൻ പാടില്ല എന്ന് എ.ഡി.ബി. നിർദ്ദേശിക്കുകയും ആ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ കാര്യത്തിൽ നടക്കുന്നതെന്നും പത്രവാർത്ത ഉണ്ടായിരുന്നു. അതു ശരിയാണോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, എ.ഡി.ബി. യുടെ നിർദ്ദേശപ്രകാരം ഒരു ഉദ്യോഗസ്ഥനേയും വച്ചിട്ടില്ല. ക്യാബിനറ്റിന്റെ നിർദ്ദേശപ്രകാരം ഉദ്യോഗസ്ഥാൻമാരെ വച്ചിട്ടുണ്ട്. ഇനിയും വയ്ക്കേണ്ടി വന്നാൽ വയ്ക്കുകയും ചെയ്യും.

ശ്രീ. എം. എ. വാഹിദ് : നവീകരണപരിപാടികൾക്ക് സാമ്പത്തിക സഹായങ്ങൾ ലഭിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നവീകരണത്തിനായി പണം ചെലവു ചെയ്തിട്ടുള്ളതാണ്. അതുപോലെ സാക്ഷരതയ്ക്ക് പല സ്ഥലത്തു നിന്നും സാമ്പത്തിക സഹായം കിട്ടിയിട്ടുണ്ട്. എൽ.ഡി.എഫ്. ഭരണകാലത്ത് ഏതെങ്കിലും ഏജൻസികളിൽ നിന്ന് സാമ്പത്തികസഹായം ലഭിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : പഴയ കാര്യങ്ങളൊക്കെ ഇപ്പോൾ എടുത്തുമറിച്ച് തകരാർ ഉണ്ടാക്കേണ്ട.

ശ്രീ. പി. എസ്. സുപാൽ : ഒട്ടേറെ അപകടകരമായിട്ടുള്ള കാര്യങ്ങളാണ് എ.ഡി.ബി. നിർദ്ദേശത്തിലുള്ളത്. ജീവനക്കാരുടെ എണ്ണം കുറയ്ക്കുക, സബ്സിഡി ഇല്ലാതാക്കുക, സേവനമേഖലയിൽ നിന്ന് ഗവൺമെന്റ് പൂർണ്ണമായി പിൻവാങ്ങുക, യൂസേഴ്സ് ഫീ ഈടാക്കുക ഇതൊക്കെ പ്രോസസിലാണെന്നു അങ്ങു പറയുന്നു. കേരളീയ സമൂഹത്തിന് അപകടകരമായിട്ടുള്ള എ.ഡി.ബി.-യുടെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറല്ലെന്ന് വ്യക്തമാക്കാൻ അങ്ങ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ഈ ഗവൺമെന്റിനും സംസ്ഥാനത്തിനും ഇവിടത്തെ ജനങ്ങൾക്കും ദോഷകരമായ ഒരു കാര്യവും തീരുമാനിക്കുകയില്ല.

ശ്രീ. കെ. സി. വേണുഗോപാൽ : എ.ഡി.ബി. സഹായത്തെക്കുറിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. എ.ഡി.ബി.-ക്ക് അടിസ്ഥാനമൊരുക്കിയത് ഡച്ച് ഗവൺമെന്റാണെന്നും ഡച്ച് ഗവൺമെന്റിന്റെ വിദേശ പണം കേരളത്തിൽ പലരും കൈപ്പറ്റിയെന്നുമുള്ള വിവാദം വളരെ വ്യാപകമായി നടക്കുകയാണ്. അങ്ങ് ഇതൊന്നും അറിഞ്ഞില്ലെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഭരണനവീകരണ പദ്ധതിയിൽ ഒരു പ്രധാനപ്പെട്ട നിർദ്ദേശമായി വന്നിരിക്കുന്നത് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന പ്രായപരിധി 30 വയസ്സാക്കി കുറയ്ക്കും എന്നുള്ളതാണ്. ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയുന്ന ഒരു നിർദ്ദേശമല്ല. ഈ നിർദ്ദേശം അംഗീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അത് ഗവൺമെന്റ് അവസാനമായി തീരുമാനിച്ചിട്ടില്ല. അതിൽ നമുക്ക് മാറ്റങ്ങൾ വേണമെങ്കിൽ വരുത്താവുന്നതാണ്. ആദ്യത്തെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് പ്രധാനമായി ചർച്ച ചെയ്യേണ്ട കാര്യങ്ങളാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ : നവീകരണപരിപാടിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളതെന്ന ചോദ്യത്തിന് ദരിദ്രർക്കും അധഃസ്ഥിതർക്കും അടിസ്ഥാന സേവന ലഭ്യത ഉറപ്പാക്കുക, സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസര സൃഷ്ടിക്കും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക, സാമ്പത്തിക സുസ്ഥിരത കൈവരിക്കുക എന്നിങ്ങനെയാണ് മറുപടി. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ഏതാണ്ട് 75% വരുന്ന ആളുകൾ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടാണ് ഉപജീവനം നടത്തുന്നത്. കാർഷിക മേഖലയ്ക്ക് ഈ പദ്ധതിയിൽ എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, 93 ഇനിഷ്യേറ്റീവ്സും അതിന്റെ സബ്ക്ലാസുമുണ്ട്. അതിൽ വരുന്ന ഭാഗങ്ങളാണ് ഇവിടെ ചോദിക്കുന്നത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ഏതു നവീകരണ പരിപാടികളും വിജയിക്കണമെങ്കിൽ ആദ്യമായി അതു നടപ്പിലാക്കാൻ ബാധ്യതയുള്ള വ്യക്തികളുടെ നവീകരണം വേണം. ഭരണപരിഷ്ക്കാര രംഗത്ത് നവീകരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് സമഗ്രമായ ഒരു പരിശീലനപരിപാടി നടപ്പിലാക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : എം.ജി.പി.-യുമായി ബന്ധപ്പെട്ടവർക്കും നേതൃത്വത്തിലിരിക്കുന്നവർക്കും ഇതിനെക്കുറിച്ച് ധാരാളം ട്രെയിനിംഗും എക്സ്പീരിയൻസും കിട്ടിയിട്ടുണ്ട്. ബാക്കിയുള്ള ഉദ്യോഗസ്ഥൻമാർക്കും പുതുതായി ട്രെയിനിംഗ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, പരിഷ്ക്കാര ദ്വന്ദങ്ങളാണല്ലോ ഇതിന്റെ ഭാഗമായി നടത്തുന്നത്. ഒന്ന്, Modernising Government programme മറ്റൊന്ന്, ധന മാനേജ്മെന്റ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും നെതർലന്റും എ.ഡി.ബി.യുമായി വിശദമായ ചർച്ച നടത്തിയതായി പറയുന്നുണ്ട്. ഇവിടെ കാണുന്ന നോട്ടിഫിക്കേഷനിൽ പലരും വളരെ മനോഹരമെന്നു പറഞ്ഞ മനുഷ്യത്വമുഖവുമായി നമ്മൾ പോകേണ്ടത് എവിടെയാണെന്നറിയാമോ ? Organisations are invited to send written notice of their interest to the Royal Netherland Embassy, New Delhi- അവിടേയ്ക്കാണ് പോകേണ്ടത്..... (ബഹളം).....സർ എന്റെ ചോദ്യം....

മി. സ്പീക്കർ : ആവശ്യമില്ലാത്ത കാര്യം പറഞ്ഞിട്ടല്ലേ ഈ ബുദ്ധിമുട്ട് ; ഒരു ചോദ്യം ചോദിച്ചെങ്കിൽ ഈ ബുദ്ധിമുട്ട് വരുമോ ?

ശ്രീ. ടി. കെ. ദേവകുമാർ : കയർ മേഖലയ്ക്ക് 50 കോടി രൂപ ഇതിന്റെ ഭാഗമായി നൽകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സഭയിൽ ഉറപ്പു തന്നതാണ്. 93 ഇനിഷ്യേറ്റീവ്സ് പരിശോധിച്ചിട്ട് മനുഷ്യത്വമുഖം മാറ്റി എന്നു ഞാൻ പറയുന്നില്ല. കയർ രംഗത്തേയ്ക്ക് 50 കോടി രൂപ നീക്കിവച്ചതായി കാണുന്നില്ല.....(ബഹളം)..... അത് ഏതു ഭാഗത്താണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കണം. 50 കോടി രൂപ ഈ പദ്ധതിപ്രകാരം കയർ തൊഴിലാളികൾക്ക് തരുമെന്നാണ് പറഞ്ഞത്. നിങ്ങൾക്ക് താൽപ്പര്യമുള്ള കാര്യമല്ല. നാലേമുക്കാൽ ലക്ഷം പാവപ്പെട്ട ആളുകളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. ഇതിനകത്ത് എവിടെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയണം.....(ബഹളം).... അവിടെയിരുന്ന് ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല.....

മി. സ്പീക്കർ : ബഹളമുണ്ടാക്കുന്നത് ശ്രീ. ദേവകുമാറാണ്.

ശ്രീ. കെ. ശങ്കരനാരായണൻ : 50 കോടി രൂപ കയർ മേഖലയ്ക്കെന്നു പറഞ്ഞ് നീക്കിവച്ചിട്ടില്ല. പരമ്പരാഗത മേഖലയ്ക്കുവേണ്ടി നീക്കി വച്ചിട്ടുള്ള സംഖ്യ ഉണ്ട്. ആ സംഖ്യയിൽ നിന്ന് കയർ മേഖലയ്ക്ക് ആവശ്യമുള്ള പണം കൊടുക്കും. അതിനുള്ള മീറ്റിംഗ് വിളിക്കാൻ വേണ്ടി തൊഴിൽവകുപ്പുമന്ത്രി നടപടികൾ സ്വീകരിച്ചുവരുന്നു. .....(ബഹളം)..... ഏതിൽപ്പെട്ടാൽ എന്താ ? പൈസയല്ലേ വേണ്ടൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ. എ.ഡി.ബി.-യെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവർ ചെയ്ത പാപത്തിന്റെ സന്തതിയാണ് ; അങ്ങു ചുമക്കുന്നു എന്നുള്ളതു മാത്രമേയുള്ളൂ. എ.ഡി.ബി. ഭരണപരിഷ്ക്കാരം വരുന്നതോടുകൂടി ഭരണത്തിലെ സുതാര്യത ഉറപ്പാക്കുന്നതിനുള്ള നടപടി എടുക്കുമെന്നു പറഞ്ഞു. ഭരണത്തിന്റെ സുതാര്യത ഉറപ്പാക്കുമ്പോൾ ഭരണരംഗത്തുണ്ടാകുന്ന അഴിമതി അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ വ്യവസ്ഥകൾ സംബന്ധിച്ച് ഗവൺമെന്റ് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ചിലപ്പോൾ നമ്മൾ ഓർഫൻസിനേയും രക്ഷിക്കേണ്ടതായി വരും. അതു രക്ഷിക്കണം. രണ്ടാമതു പറഞ്ഞ കാര്യത്തിന്, ഇതിൽ പ്രത്യേകമായി ഒരു സംഖ്യ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : 93 മേഖല തിരിച്ച് വിവിധങ്ങളായിട്ടുള്ള സ്ക്കീമുകൾ ഇന്റർനെറ്റിൽ കൊടുത്തുവെന്നു പറഞ്ഞു. വെബ്സൈറ്റിൽ അത് ലഭ്യവുമാണ്. ശ്രീ. എ.കെ. ബാലൻ സൂചിപ്പിച്ചതുപോലെ, ടെണ്ടറിന് അപേക്ഷ നൽകേണ്ടത് നെതർലന്റ് എംബസിയുടെ ആസ്ഥാനമായി ഡെൽഹിയിലാണ്. അപേക്ഷ നൽകുന്നതിനുവേണ്ടി നിശ്ചിത യോഗ്യതയും അവർ പറയുന്നുണ്ട്. 20-6-2003 ലെ ജി. ഒ. നമ്പർ: 4170/03. ജി.എ.ഡി-പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റിയറിംഗ് കമ്മിറ്റി, ഡോ. എബ്രഹാമിന്റെ ചുമതലയിൻകീഴിൽ പ്രവർത്തിക്കുന്ന സ്റ്റിയറിംഗ് കമ്മിറ്റി നെതർലന്റ് എംബസിയുമായി ആലോചന നടത്തിയിട്ടാണോ ആരോഗ്യ ഫണ്ട് പിരിക്കാൻ തീരുമാനിച്ചത് എന്ന കാര്യം വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇതു രണ്ടും രണ്ടാണ്. ആരോഗ്യ ഫണ്ട് പിരിക്കുന്നതും നെതർലന്റ് എംബസിയിൽ ആപ്ളിക്കേഷൻ കൊടുക്കുന്നതും രണ്ടും രണ്ടാണ്. എല്ലാംകൂടി ചേർത്തു ചോദിച്ചാൽ എങ്ങനെയാണ് ? ഈ ഗവൺമെന്റിന് ഒരു ഭാഗത്തു നിന്നും ലോൺ വാങ്ങാൻ പാടില്ല, ഒരു ഇംപ്രൂവ്മെന്റും നടത്താൻ പാടില്ല, ഒരു ഡെവലപ്മെന്റും നടത്താൻ പാടില്ല എന്ന രീതിയ്ൽ ഒരു തീരുമാനമുണ്ടോ ;

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ റോയൽ ഗവൺമെന്റ് ഓഫ് നെതർലന്റ് വലിയൊരു അപകടകാരിയാണെന്നു പറയുകയുണ്ടായി. അടുത്ത കാലത്ത് വിവാദവിഷയമായ കേരളത്തിലെ മാരാരിക്കുളം മോഡൽ വികസന പദ്ധതിക്ക് സാമ്പത്തികസഹായം നൽകുന്ന ഡച്ച് ഗവൺമെന്റ്, ആ പദ്ധതി എം.ജി.പി.-യുടെ.....(ബഹളം).....

മി. സ്പീക്കർ : ഓർഡർ, ഓർഡർ... It is not good. We are disciplined members of the House.

ശ്രീ. കെ. സി. ജോസഫ് : വലിയ അപകടകാരിയായ ഡച്ച് ഗവൺമെന്റിന്റെ സാമ്പത്തിക സഹായം പറ്റുന്ന മാരാരിക്കുളം മോഡൽ വികസന പദ്ധതി എം.ജി.പി.-യുടെ ഭാഗമാണോ ? ഈ പദ്ധതിക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം കേരള ഗവൺമെന്റിന്റെ അനുവാദത്തോടുകൂടിയാണോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇത് ഗവൺമെന്റിന് അറിയാവുന്ന കാര്യമല്ല.....(ബഹളം).....

ശ്രീ. ഇ. എം. അഗസ്തി : സർ, ഭരണ നവീകരണത്തെ സംബന്ധിച്ചുള്ള സംശയങ്ങളാണ് ഈ സഭയിൽ നിറഞ്ഞു നിൽക്കുന്നത്. വിദേശ സഹായമുണ്ടാക്കുന്നത് ഭൗതിക ശക്തി വികാസ ഏജൻസികളാണോ എന്നതൊക്കെയാണ് തർക്കം. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. എന്താണെങ്കിലും ഭരണ നവീകരണം അനിവാര്യമാണെന്നുള്ള കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും സംശയമില്ല. ഭരണ നവീകരണത്തിലെ സംശയം ദൂരീകരിക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ ഈ സഭയിലെ അംഗങ്ങൾക്ക് ഒരു ക്ലാസ്സെടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ അറിയിക്കുകയുണ്ടായി. എനിക്ക് ചോദിക്കാനുള്ളത് ഭരണത്തിൽ എം.എൽ.എ.-മാരുടെ പങ്ക് വളരെ പരിമിതമാണ്.....(ബഹളം).....

മി. സ്പീക്കർ : ഇഷ്ടമുള്ളവർ ക്ലാസ്സിൽ വന്നാൽ മതി. ആവശ്യമുള്ളവർ വരും, ആവശ്യമില്ലാത്തവർ വരണ്ട.....(ബഹളം).....

ശ്രീ. ഇ. എം. അഗസ്തി : ഭരണപ്രക്രിയയിൽ എം.എൽ.എ.-മാരുടെ പങ്കും ലെജിസ്ലേച്ചറിന്റെ പങ്കും വളരെ പരിമിതമാണ്. ഭരിക്കുന്നത് ഗവൺമെന്റാണ്, ഗവൺമെന്റെന്നു പറഞ്ഞാൽ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരുമാണ്. ഈ കാര്യത്തിൽ ഏതു ഗവൺമെന്റാണെങ്കിലും ശരി എം.എൽ.എ.മാർക്കുള്ള, നിയമസഭാംഗങ്ങൾക്കുള്ള പരാതി ഭരണത്തിന് സ്പീഡ് പോരാ, കാര്യക്ഷമതയില്ല എന്നുള്ളതാണ്. ഇതെല്ലാക്കാലത്തുമുണ്ടാകുന്ന പരാതിയാണ്. ഭരണത്തിലെ കാര്യക്ഷമത ഉറപ്പു വരുത്താൻ മോഡേണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ഭരിക്കുന്ന ആളുകളെ-അത് മന്ത്രിമാരും അതുപോലെതന്നെ ഭരണത്തിന്റെ അപ്പർ ലെവലിലുള്ള ഉദ്യോഗസ്ഥന്മാരും ഐ.എ.എസ്.-കാരുമുൾപ്പെടെയുള്ള വകുപ്പു തലവന്മാരെ-മാനസികമായി പരിവർത്തനം നടത്തുന്നതിനുവേണ്ടി ഗവൺമെന്റു തലത്തിൽ ഡിസ്ക്ഷനോ എന്തെങ്കിലും നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇത് ലെജിസ്ലേച്ചറിൽ ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്, പാർലമെന്ററി പാർട്ടിയിൽ ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്, മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, ഗവൺമെന്റിന്റെ ഡൗൺ സൈസിംഗുമായി ബന്ധപ്പെടുത്തി എന്തെല്ലാം ഭരണ നവീകരണ പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : ഗവൺമെന്റിന്റെ ഡൗൺ സൈസിംഗ് എന്നു പറയുന്നത് വളരെ വിപുലമായിട്ടുള്ള ഒരു കാര്യമാണ്. ഏതെല്ലാം മേഖലകളിൽ ഡൗൺ സൈസിംഗ് നടത്തണം, ഏതെല്ലാം മേഖലകളിൽ നടത്താൻ പാടില്ല, ഏതെല്ലാം ഇനത്തിൽ ചെലവു ചുരുക്കണം, ഏതെല്ലാം ഇനത്തിൽ ചെലവു ചുരുക്കണ്ട, എവിടെയെല്ലാം ഇംപ്രൂവ്മെന്റ്സ് വേണമെന്നുള്ളത് ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ഭരണനവീകരണത്തിന്റെ, എം.ജി.പി.-യുടെ പ്രധാന ഇനങ്ങൾ രണ്ടാണ്. 1. Long Pending Infrastractural Project 2. State Level Public Enterprise Reforms ഈ രണ്ടു കാര്യങ്ങളിലും ഗവൺമെന്റ് എന്തു നടപടികളാണ് നടത്തുവാൻ ആഗ്രഹിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : പുതിയ മേഖലയിൽ നടക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് അദ്ദേഹം പരാമർശിച്ചത്. മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം എന്നു പറയുന്ന 93 ഇനിഷ്യേറ്റീവ്സിൽ ഈ കാര്യങ്ങളും ഉൾപ്പെടുന്നുണ്ട്.

**വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി കോർപ്പറേഷൻ രൂപീകരണം**

**2 (*405)** ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ വിമുക്തഭടന്മാർക്ക് മറ്റ് സംസ്ഥാനങ്ങളിലെ വിമുക്ത ഭടന്മാരെ അപേക്ഷിച്ച് ആനുകൂല്യം കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) രണ്ടാം ലോകമഹായുദ്ധകാലത്തെ വിമുക്തഭടന്മാർക്കും വിധവകൾക്കും പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിൽ സംഭവിച്ചിട്ടുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ&ബി) സംസ്ഥാനത്തെ വിമുക്ത ഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനും പുനരധിവാസത്തിനുമായി 23-6-2000-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 409/2000 പൊ.ഭ.വ. പ്രകാരം "കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ" രൂപീകരിക്കുകയും 7-12-2001-ൽ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ ഓഹരി മൂലധനം 50 ലക്ഷം രൂപയാണ്. പ്രസ്തുത കോർപ്പറേഷന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമുൾപ്പെടെ 7 അംഗങ്ങളുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിമുക്ത ഭടന്മാരുടെയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, അവർക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.



LIBRARY ARCHIVES Kerala Legislative Assembly